## കൺവൻഷൻ യോഗങ്ങൾ

### 2020 ജനുവരി 09 – വ്യാഴം

06.30 പി.എം. : ഗാന ശുശ്രൂഷ
07.00 പി.എം. : **ഉദ്ഘാടന യോഗം**
ഉദ്ഘാടന സന്ദേശം: **മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ**
പ്രസംഗം : **റവ. സി. വി. സൈമൺ**

### 2020 ജനുവരി 10, വെള്ളി

10.00 എ.എം. : ഗാന ശുശ്രൂഷ
സേവികാസംഘയോഗം
11.00 എ.എം. : **ശ്രീമതി പ്രീനാ മാത്യു**
06.30 പി.എം. : ഗാന ശുശ്രൂഷ
07.00 പി.എം. : **റവ. ഷാജി തോമസ് (ചാത്തന്നൂർ)**

### 2020 ജനുവരി 11, ശനി

10.00 എ.എം. : കുട്ടികളുടെ കൺവൻഷൻ
10.30 എ.എം. : ഗാന ശുശ്രൂഷ
11.00 എ.എം. : **മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം**
02.00 പി.എം. : സന്നദ്ധ സുവിശേഷക സംഘം
**ബ്രദർ ബാബു പുല്ലാട്**
04.00 പി.എം. : യുവവേദി
**ഫാ. തോമസ് കൊടിനാട്ടുകുന്നേൽ**
06.30 പി.എം. : ഗാന ശുശ്രൂഷ
07.00 പി.എം. : **വെരി. റവ. കെ. ഒ. ഫിലിപ്പോസ്**

### 2020 ജനുവരി 12, ഞായർ

08.00 എ.എം. : വിശുദ്ധ കുർബ്ബാന
സമാപന സന്ദേശം : **അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ**

NB:

1. ഈ നോട്ടീസ് ഞായറാഴ്ച പള്ളിയിൽ പരസ്യപ്പെടുത്തുകയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.
2. മുൻ വർഷത്തെപ്പോലെ കൺവൻഷനുശേഷം വാഹന ക്രമീകരണം ഉണ്ടായിരിക്കുന്നതാണ്.
3. വെള്ളി, ശനി ദിവസങ്ങളിൽ സേവികാസംഘം സ്റ്റാളിൽ ഭക്ഷണപൊതി 50/- രൂപാ നിരക്കിൽ ലഭ്യമാണ്.


**മലങ്കര മാർത്തോമ്മാ സിറിയൻ ചർച്ച്**
മാർത്തോമ്മാ സെന്റർ, മണ്ണന്തല പി.ഒ.
തിരുവനന്തപുരം - 690 015
ഫോൺ: 0471 2531535 (ഓഫീസ് & ഫാക്സ്),
0471 2530540 (അരമന)


crayons media | +91 9495901381

LIGHTED TO LIGHTEN

**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**
**തിരുവനന്തപുരം – കൊല്ലം**
**ഭദ്രാസനം**

# 40-ാമത്
# ഭദ്രാസന കൺവൻഷൻ

**2020 ജനുവരി 09**
**വ്യാഴം മുതൽ**
**ജനുവരി 12 ഞായർ വരെ**

**മാർത്തോമ്മാ**
**കൺവൻഷൻ നഗർ, ആയൂർ**

40-ാമത്

# ഭദ്രാസന കൺവൻഷൻ

കർത്താവിൽ പ്രിയരെ,

മാർത്തോമ്മാ സഭയുടെ തിരുവനന്തപുരം - കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 40-ാമത് ഭദ്രാസന കൺവൻഷൻ ദൈവഹിതമായാൽ **2020 ജനുവരി 09 വ്യാഴം മുതൽ ജനുവരി 12 ഞായർ** വരെയുള്ള ദിവസങ്ങളിൽ ആയൂർ മാർത്തോമ്മാ കോളേജ് ഗ്രൗണ്ടിൽ തയ്യാർ ചെയ്തിരിക്കുന്ന കൺവൻഷൻ നഗറിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സാന്നിദ്ധ്യ സഹകരണങ്ങൾ അഭ്യർത്ഥിച്ചു കൊള്ളുന്നു.

കൺവൻഷൻ കമ്മിറ്റിക്കുവേണ്ടി

റവ. ഈപ്പൻ ചെറിയാൻ
ജനറൽ കൺവീനർ

സാബു അലക്സ്
ട്രഷറാർ

റവ. ജോർജ്ജ് എബ്രഹാം
കൺവീനർ

ജിജു ഉമ്മൻ
ബിജു എബ്രഹാം
ജോയിന്റ് കൺവീനേഴ്സ്

തിരുവനന്തപുരം | 10.12.2019

## മദ്ധ്യസ്ഥ പ്രാർത്ഥന

വെള്ളി, ശനി ദിവസങ്ങളിൽ രാവിലത്തെ യോഗത്തിന് പ്രാരംഭമായി മദ്ധ്യസ്ഥ പ്രാർത്ഥന ഉണ്ടായിരിക്കും. പ്രാർത്ഥനാ വിഷയങ്ങൾ ദിവ്യശ്രീ. ഷിബു സാമുവേൽ കശ്ശീശായെ ഏല്പിക്കേണ്ടതാണ്.

## കുട്ടികളുടെ കൺവൻഷനും, പ്രതിഷ്ഠാ ശുശ്രൂഷയും

ശനിയാഴ്ച രാവിലെ 10 മണിക്ക് കുട്ടികളുടെ കൺവൻഷനും, കുട്ടികൾക്കായുള്ള പ്രതിഷ്ഠാ ശുശ്രൂഷ ഞായറാഴ്ച രാവിലെ 08.00 മണിയ്ക്ക് വി. കുർബ്ബാന മദ്ധ്യേ കൺവൻഷൻ പന്തലിൽ വച്ചും നടക്കുന്നതാണ്. സുവിശേഷ വേലയ്ക്കായി പ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരു വിവരം കൺവീനർ റവ. ജോർജ്ജ് ഏബ്രഹാം (വയയ്ക്കൽ സെന്റ് തോമസ്, ഫോൺ 8547178432) മുൻകൂട്ടി ഏല്പിക്കേണ്ടതാണ്. വ്യാഴം, വെള്ളി ദിവസങ്ങളിൽ മാർത്തോമ്മാ ഹൈസ്കൂൾ-ചണ്ണപ്പേട്ട, മാർത്തോമ്മാ പ്രൈവറ്റ് ഐ. റ്റി. ഐ. - അഞ്ചൽ, എന്നിവിടങ്ങളിൽ വെച്ച് കുട്ടികൾക്കുവേണ്ടി പ്രത്യേക ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നു.

## പ്രാർത്ഥനാലയം

പന്തലിന്റെ സമീപത്ത് പ്രാർത്ഥനയ്ക്കായി പ്രത്യേക സ്ഥലം ക്രമീകരിക്കുന്നതാണ്. കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നതിന് ഈ സ്ഥലം ഉപയോഗപ്പെടുത്തുവാൻ ഏവരും പ്രത്യേകം ശ്രദ്ധിക്കണം.

## ഇരിപ്പിടങ്ങൾ

പന്തലിൽ ക്രമീകരിച്ചിട്ടുള്ള പ്രത്യേക ഇരിപ്പിടങ്ങൾ ഒരു ദിവസത്തേയ്ക്ക് 10 രൂപാ നിരക്കിൽ ടിക്കറ്റുകൾ വാങ്ങി ഉപയോഗിക്കാവുന്നതാണ്.

## സ്തോത്രകാഴ്ച

എല്ലാ രാത്രി യോഗങ്ങളിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിലെ രാവിലത്തെ യോഗങ്ങളിലും വിശുദ്ധ കുർബ്ബാന മദ്ധ്യേയും സ്തോത്രകാഴ്ച ശേഖരിക്കുന്നതാണ്. കൺവൻഷന്റെ ചെലവുകൾ മനസ്സിലാക്കി പ്രാർത്ഥനാപൂർവ്വം ഏവരും ഉദാരമായി സ്തോത്രകാഴ്ച അർപ്പിക്കണമെന്ന് താത്പര്യപ്പെടുന്നു.

## ഭദ്രാസന ഓഫീസ്

ജനുവരി 10-ാം തീയതി വെള്ളിയാഴ്ചമുതൽ ഭദ്രാസന ഓഫീസ് കൺവൻഷൻ സ്ഥലത്ത് പ്രവർത്തിക്കുന്നതാണ്. ഇടവകകളിൽ നിന്നും ഭദ്രാസന ഓഫീസിലും, സഭാ ഓഫീസിലും നൽകുവാനുള്ള വിഹിതങ്ങൾ അടയ്ക്കുവാൻ അവസരം പ്രയോജനപ്പെടുത്തുമല്ലോ. കൺവൻഷന് വേണ്ടിയുള്ള പ്രത്യേക സംഭാവനകളും ഇടവക വിഹിതവും ഭദ്രാസന ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

## പുസ്തക ശാലകൾ

വേദപുസ്തകം, മാർത്തോമ്മാ സഭാ പ്രസിദ്ധീകരണങ്ങൾ, ക്രൈസ്തവ സാഹിത്യ സമിതി പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവ കൺവൻഷൻ നഗറിലുള്ള സ്റ്റാളുകളിൽ നിന്നും ലഭിക്കുന്നതാണ്.

## പാട്ടു പുസ്തകം

കൺവൻഷനുവേണ്ടി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള പാട്ടു പുസ്തകം എല്ലാവരും വാങ്ങി ഉപയോഗിച്ച് യോഗങ്ങൾ അനുഗ്രഹപ്രദമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## സംഘടനകളുടെ ഭദ്രാസന ഓഫീസുകൾ

സ്ഥാപനകളുടെയും മിഷൻ ഫീൽഡുകളുടെയും ഓഫീസുകൾ വെള്ളിയാഴ്ച രാവിലെ മുതൽ കൺവൻഷൻ നഗറിൽ പ്രവർത്തിക്കുന്നതാണ്.